**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 219** **28-10-2026-ൽ മറുപടിയ്ക്ക്**

**വനിതാ മത്സ്യത്തൊഴിലാളികൾക്കായുള്ള പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കല്ലട മാഹിൻ

ശ്രീ. പി .എം. എ. സമീർ

ശ്രീ. സി. കെ. കാസിം

ശ്രീ. ടി. വി. ഇബ്രാഹിം

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യത്തൊഴിലാളി വനിതകളെ സംരംഭകരാക്കി അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉണ്ട്. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിച്ച് മത്സ്യത്തൊഴിലാളി വനിതകളെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയും മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്ഥിരതൊഴിലും വരുമാനവും ഉറപ്പുവരുത്തുക വഴി ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടാണ് സാഫ് ഫിഷറീസ് വകുപ്പിന് കീഴിൽ 2005 ജൂൺ 1 മുതൽ പ്രവർത്തിച്ചു വരുന്നത്.

2026-27 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി വനിതകളെ സംരംഭകരാക്കി അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി 14.99 കോടി രൂപയുടെ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

- Alternative and Supportive Livelihood Opportunity to Fisherwomen of Kerala.
- Sustainable Livelihood Development of Fisherwomen and Revitalization of SAF Micro Enterprises.

പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**Alternative and Supportive Livelihood Opportunity to Fisherwomen of Kerala** പദ്ധതിയിലൂടെ താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നു.

1. ഒരു കുടുംബം ഒരു സംരംഭം

2. ഷീ സ്റ്റാർ പദ്ധതി

3. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) കൾക്ക് പലിശരഹിത റിവോൾവിംഗ് ഫണ്ട്

4. വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്ധനസഹായം

5. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ

6. ബ്രാൻഡിങ്

**Sustainable Livelihood Development of Fisherwomen and Revitalization of SAF Micro Enterprises** എന്ന പദ്ധതിയിലൂടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

- ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ)
- മോഡൽ പീലിംഗ് യൂണിറ്റ്
- മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സമഗ്ര വികസനം
- ടെക്നോളജി ഇംപ്രൂവ്മെന്റ്
- ഡെവലപ്പ്മെന്റ് ഓഫ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (പലിശ സബ്സിഡി)

**(ബി)** ഈ പദ്ധതിയുടെ ഭാഗമായി വനിതാ മത്സ്യത്തൊഴിലാളികൾക്ക് ഇലക്ട്രിക്ക് സൈക്കിളുകൾ വിതരണം ചെയ്തിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. മത്സ്യ കച്ചവടം നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കും സാഫ് യൂണിറ്റുകളിലെ ഗുണഭോക്താക്കൾക്കും പ്രയോജനം ലഭിക്കുന്ന വിധത്തിലും ബിസിനസ്സ് വർദ്ധിപ്പിക്കുന്ന തരത്തിലും തീരദേശ ജില്ലകളിലും കോട്ടയം ജില്ലയിലുമായി ഷീ സ്കൂട്ടർ (Electric) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**(സി)** വനിതാ മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി വരുമാനം ഉണ്ടാക്കി സാമ്പത്തിക ഭദ്രത കൈവരിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** വനിതാ മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി വരുമാനം ഉണ്ടാക്കി സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനായി മുൻ വർഷത്തിലെ പോലെ ഒരു കുടുംബം ഒരു സംരംഭം, ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി), മോഡൽ പീലിംഗ് യൂണിറ്റ്, മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സമഗ്ര വികസനം എന്നീ പദ്ധതികൾ വരും വർഷങ്ങളിലും നടപ്പിലാക്കും. കൂടാതെ വനിതാ സംരംഭകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വിപണിയിൽ പരമാവധി വില ലഭ്യമാക്കുന്നതിനും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ കൂടുതൽ വനിതാ ഗ്രൂപ്പുകളിലേക്ക് വ്യാപിപ്പിക്കുന്നതിനും പദ്ധതി തയ്യാറാക്കും. കൂടാതെ നിലവിൽ പ്രവർത്തിക്കുന്ന ചെറുകിട തൊഴിൽ യൂണിറ്റുകൾ ഏകോപിപ്പിച്ച് ഒരേ ഗുണനിലവാരത്തിൽ കൊണ്ടുവരുന്നതിനും, ഉൽപ്പന്നങ്ങൾ ഒരേ ബ്രാൻഡിൽ വിപണിയിൽ എത്തിക്കുന്നതിനും സാഫിന്റെ കീഴിലുള്ള Fish & Fish Processing,Food & Food Processing, Textiles & Garments, Supermarkets & Retail stores, Services & Others കാറ്റഗറി ഫെഡറേഷനുകൾ ശക്തിപ്പെടുത്തും.

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി മത്സ്യഫെഡ് വഴി മൈക്രോഫിനാൻസ് വായ്പ, ടേം വായ്പകൾ, മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി എന്നീ പദ്ധതികൾ തുടർന്നും നടപ്പിലാക്കി വരുന്നു. വനിതാ മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി വരുമാനം ഉണ്ടാക്കി സാമ്പത്തിക ഭദ്രത കൈവരിക്കാൻ സഹായിക്കുന്ന പദ്ധതികളാണ് ഇവ.

**സെക്ഷൻ ഓഫീസർ**